# ഉപഭോക്തൃ സങ്കട പരിഹാര ഫോറം

**വൈദ്യുതി വിഭാഗം, തൃശ്ശൂർ കോർപ്പറേഷൻ**

**തൃശ്ശൂർ - 680 001.**

നമ്പർ : CGRF – 7071/25 തിയ്യതി : 30.10.2025

**ഹാജർ**

| | | |
|---|---|---|
| ടി. എസ്. ജോസ് | - | ചെയർപേഴ്സൺ |
| കെ.വിനുകൃഷ്ണൻ | - | മെമ്പർ |
| അഡ്വ. അസിയ.പി.കെ | - | മെമ്പർ |

JOHN IV
THERUKATTIL INJODIKKAREN (H)
NEAR THOPE STADIUM — പരാതിക്കാരൻ
EAST FORT, THRISSUR – 680 005.

ലൈസൻസിയ്ക്കു വേണ്ടി
അസിസ്റ്റന്റ് സെക്രട്ടറി,
വൈദ്യുതി വിഭാഗം — എതിർകക്ഷി
തൃശ്ശൂർ കോർപ്പറേഷൻ
തൃശ്ശൂർ - 680 001.

**പരാതിയുടെ സംക്ഷിപ്ത രൂപം :**

ശ്രീ. ജോൺ. ഐ.വി. യുടെ പേരിലുള്ള 7485 - A എന്ന സർവ്വീസ് കണക്ഷനിലെ 07.10.2025 ലെ 246555 നമ്പർ ബില്ല് 09.10.2025 ന് രണ്ട് തവണ ഓൺ ലൈനിൽ അടയ്ക്കുവാൻ ശ്രമിച്ചപ്പോൾ രണ്ട് തവണയും പരാതിക്കാരന്റെ ബാങ്ക് അക്കൗണ്ടിൽ നിന്നും തുക ഡെബിറ്റ് ആയി. എന്നാൽ വെബ്സൈറ്റിൽ ബിൽ പേമെന്റ് വിജയിച്ചതായി കാണാൻ സാധിച്ചില്ല. രണ്ട് തവണയും ബിൽ തുക ഡെബിറ്റ് ആയ സാഹചര്യത്തിൽ ഒരു തവണ പേമെന്റ് ആയ തുക തിരികെ നൽകുന്നതിനാണ് പരാതി.

**ഫോറത്തിന്റെ നടപടികൾ :**

14.10.2025 ന് ഫോറം പരാതി ഫയലിൽ സ്വീകരിച്ചു. വിഷയത്തിൽ സത്യവാങ്മൂലം ലഭ്യമാക്കുന്നതിന് കമ്പ്യൂട്ടർ സെക്ഷനോട് ആവശ്യപ്പെട്ടു. 30.10.2025 ന് ഫോറം പരാതി വിശദമായി പരിശോധിച്ചു.

**വിഷയത്തിൽ കമ്പ്യൂട്ടർ സെക്ഷൻ സമർപ്പിച്ച സത്യവാങ്മൂലം :**

തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗം 05/168 ൽ 7485 കൺസ്യൂമർ നമ്പറിൽ ജോൺ. ഐ.വി., സി.ജി.ആർ.എഫ്. വെബ്പോർട്ടൽ മുഖേന നൽകിയ പരാതി പരിശോധിച്ചതിൽ 09.10.2025 ന് ബിൽ നം. 24655 പ്രകാരം നടത്തിയ 215/- രൂപയുടെ ട്രാൻസാക്ഷൻ രണ്ട് തവണ സക്സസ് ആയതായി കാണുന്നു. ആയതിൻ പ്രകാരം ഒരു ട്രാൻസാക്ഷന് റെസീപ്റ്റ് ജനറേറ്റ് ആവുകയും, രണ്ടാമത്തെ ട്രാൻസാക്ഷന് റീഫണ്ട് ഇനീഷിയേറ്റ് ചെയ്തതിൽ 10.10.2025 ന് റീഫണ്ട് ആവുകയും ചെയ്തിട്ടുണ്ടെന്ന വസ്തുത അറിയിച്ചുകൊള്ളുന്നു.

**ഫോറത്തിന്റെ നിഗമനം :**

10.10.2025 ന് രണ്ടാമതായി അടവാക്കിയ തുക റീഫണ്ട് ആയതായി ലൈസൻസി അറിയിച്ചതിനാൽ പരാതി പരിഹരിച്ചതായി കാണുന്നു.

**ഉത്തരവ് നടപടികൾ :**

ബിൽ തുക റീഫണ്ട് ആയ സാഹചര്യത്തിൽ പരാതി പരിഹരിച്ച് ഉത്തരവാകുന്നു.

അഡ്വ. അസിയ.പി.കെ
മെമ്പർ

വിനുകൃഷ്ണൻ. കെ
മെമ്പർ

ടി.എസ്. ജോസ്
ചെയർപേഴ്സൺ